9 -ാം വർഷം
2025
ആഗസ്റ്റ് 15
പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# പന്ത്രണ്ടു നക്ഷത്ര മുടി ചൂടിയ പരിശുദ്ധ അമ്മ

പുറ 15:11-18, ശ്ലീഹ 1:6-14, റോമ 16:16-27, യോഹ 2:1-12

### പാരമ്പര്യങ്ങൾ

ഇതര ക്രൈസ്തവ സഭകളുടെ വിശ്വാസ പാരമ്പര്യങ്ങൾ ഒരു കൗതുകത്തിനാണ് വായിച്ചു തുടങ്ങിയത്. കിഴക്കൻ ഓർത്തഡോക്സ് പാരമ്പര്യം അമ്മ മറിയത്തിന് നൽകുന്ന ആദരവിനെ കുറിച്ച് വിവരിക്കുന്ന ഒരു പുസ്തകത്തിൽ മാതാവിന്റെ മരണത്തോട് ബന്ധപ്പെട്ട ഒരു പുരാവൃത്തമുണ്ട്. അത് ഇങ്ങനെയാണ്: പരിശുദ്ധ മാതാവിന്റെ മരണസമയത്ത് ശിഷ്യന്മാർ പല ദേശങ്ങളിൽ നിന്നും പാറിയെത്തി. എന്നാൽ തോമാശ്ലീഹക്ക് സംസ്കാര ചടങ്ങുകൾക്ക് പോലും എത്താനായില്ല. വൈകിയെത്തിയ തോമാശ്ലീഹാ കല്ലറയിലെത്തിയതു മൂലം മാതാവിന്റെ സ്വർഗ്ഗാരോപണ വിവരം ശിഷ്യസമൂഹത്തിന് മുഴുവൻ വെളിപ്പെട്ട് കിട്ടിയത്രെ! പിന്നീട് പല ദിക്കുകളിലേക്ക് തിരികെ മടങ്ങിയ ശിഷ്യർ

തങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി അമ്മ മറിയത്തെ കരുതി സുവിശേഷം പ്രസംഗിച്ചിടത്തൊക്കെയും അവളെ മഹത്വപ്പെടുത്തുകയും ചെയ്തു. ഇതിനോട് ചേർത്ത് വെക്കാൻ ആയില്ലെങ്കിലും മറ്റൊരു രേഖ ഇപ്രകാരമാണ്. 451 ൽ കോൺസ്റ്റാന്റിനോപ്പിളിൽ കാല്സിഡോൺ സൂനഹദോസ് കൂടിയപ്പോൾ തങ്ങളുടെ തലസ്ഥാനത്ത് സൂക്ഷിക്കുവാനായി പരിശുദ്ധ അമ്മയുടെ തിരുശേഷിപ്പുകൾ കൊണ്ട് വരുവാൻ മാർസിയൻ ചക്രവർത്തി ജെറുസലേമിലെ പാത്രീയാർക്കീസിനോട് ആവശ്യപ്പെട്ടു. അതിനായി കല്ലറ തുറന്നപ്പോൾ അത് ശൂന്യമായി കിടന്നിരുന്നുവെന്നും, അതിനാൽ അമ്മ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് അപ്പസ്തോലന്മാർ വിശ്വസിച്ചുവെന്നും പാത്രീയാർക്കീസ് ചക്രവർത്തിയെ അറിയിച്ചത്രെ.

പരിശുദ്ധ അമ്മയോടുള്ള ഭക്തി പരിശുദ്ധമായി തന്നെ കാത്തു സൂക്ഷിക്കുന്നവരാണ് കത്തോലിക്കാ



മരിയ റാൻസം

വിശ്വാസികളായ നമ്മൾ. വിശുദ്ധഗ്രന്ഥത്തിൽ അധിഷ്ഠിതമായ ഈ ഭക്തിക്ക് ബലമേകാൻ ശക്തമായ പാരമ്പര്യങ്ങൾ പലതും രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. കത്തോലിക്കാ സഭ അമ്മയുടെ നാല് വിശ്വാസ സത്യങ്ങളെ എന്നും മുറുകെ പിടിച്ചിരിക്കുന്നു. അതിലൊന്നാണ് അമ്മയുടെ സ്വർഗ്ഗാരോപണം. ലോകത്തിന്റെ ഉടയോന് ജന്മം നൽകാൻ തിരഞ്ഞെടുത്തവളെ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി ദൈവം ആദരിച്ചു എന്നത് അപ്പസ്തോലന്മാർ പഠിപ്പിച്ചതും സാർവത്രിക സഭയിൽ ഇന്നും നിലനിൽക്കുന്നതുമായ ഒരു വിശ്വാസ സത്യമാണ്.

അമ്മയുടെ ശരീരവും ആത്മാവും സ്വർഗ്ഗത്തിന്റെ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു എന്നതായിരുന്നു ഈ വിശ്വാസസത്യത്തിന്റെ കാതൽ. പന്ത്രണ്ടാം പീയൂസ് മാർപാപ്പയാണ് 1950 നവംബർ 1 നു മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്. പരിശുദ്ധ അമ്മ ഭൂമിയിലെ തന്റെ ജീവിതത്തിന്റെ അവസാനത്തിൽ ഉടലോടെ സ്വർഗ്ഗത്തിന്റെ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസത്തെ അദ്ദേഹം പ്രഖ്യാപിച്ചു.

അമ്മയുടെ ഏറ്റവും പഴക്കമേറിയ തിരുനാൾ ആണിത്. എന്ന് മുതലാണ് സഭയിൽ ഈ തിരുനാൾ ആഘോഷിച്ചു തുടങ്ങിയതെന്ന് അറിവില്ലയെങ്കിലും കോൺസ്റ്റന്റൈൻ ചക്രവർത്തി ജെറുസലേം നഗരം പുന:സ്ഥാപിച്ച കാലങ്ങളിൽ ആയിരിക്കും തിരുനാൾ ആഘോഷിച്ചു തുടങ്ങിയതെന്ന അഭിപ്രായവും സഭയിൽ നിലവിലുണ്ട്. ഏഴാം നൂറ്റാണ്ടിൽ ദൈവ മാതാവിന്റെ നിദ്ര (ഉമഹഹശഴ മഹൈലലു ീള ാമ്യ്യ) എന്ന പേരിൽ ഈ തിരുനാൾ റോമിൽ ആഘോഷിക്കപ്പെട്ടു തുടങ്ങി എന്നാണ് ചരിത്രം. പരിശുദ്ധ അമ്മയുടെ അമലോൽഭവയായ ജനനവും സ്വർഗ്ഗാരോഹണവും കത്തോലിക്കാ സഭാവിശ്വാസത്തിന്റെ ശക്തമായ തൂണുകളാണ്.

### *മഹാ വല്ലഭയായ കന്യക*

അമ്മമറിയം എന്ന പൊക്കിൾ കൊടിയുടെ തുമ്പിലാണല്ലോ നമ്മളെല്ലാം സ്വർഗ്ഗത്തോട് കെട്ടപ്പെട്ടിരിക്കുന്നത്. ഓരോ കത്തോലിക്കാ വിശ്വാസിയുടെയും ഈ ഭൂമിയിലെ ഏക പിടിവള്ളി തന്നെയാണ് ജപമാല. അൻപത്തിമൂന്ന് മണി ജപം ഒരോവട്ടം ഉരുക്കഴിക്കുന്നതും പല കാരണങ്ങൾ കൊണ്ടാണ്. സന്തോഷം വന്നാലും സങ്കടങ്ങളിലും അപമാനിക്കപ്പെടുമ്പോഴും അനുമോദിക്കപ്പെടുമ്പോഴും ആശയറ്റപ്പോഴും ആശ്രയം ലഭിച്ചപ്പോഴുമെല്ലാം വിരലുകളിലൂടെ കൊന്തമണികൾ ഉരുണ്ടിട്ടുണ്ട്. ധ്യാനമായും വിലാപമായും കടപ്പാടും കൃതജ്ഞതയുമായും ചൊല്ലി തീർത്ത ലുത്തിനിയകളാണ് അനുദിന ജീവിതത്തിന്റെ ഊർജ്ജ സ്രോതസ്സ്. പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണങ്ങൾ ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നിന്ന് ഇന്നും കേൾക്കുന്നത് പോലെ ഒരിക്കലെങ്കിലും പരിശുദ്ധ അമ്മയുടെ ഇടപെടൽ ജീവിതത്തിൽ ഉണ്ടാകാത്തവർ ചുരുക്കമായിരിക്കും

പരിശുദ്ധ അമ്മ , ദൈവമാതാവ് എന്നതിനപ്പുറം ഒരു സ്ത്രീപക്ഷ നോക്കി കാണലിന് ശ്രമിക്കുകയായിരുന്നു. മാതാവിന്റെ ലുത്തിനിയയിൽ ഒരു പാട് ഇഷ്ടമുള്ള ഒരു വാഴ്ത്തുണ്ട്, മഹാ വല്ലഭയായ കന്യകേ. ഒരു സ്ത്രീക്ക് ലഭിക്കാവുന്ന ഏറ്റവും മികച്ച അംഗീകാരമാണ് വല്ലഭയായ ഒരുവൾ എന്നത്. മിടുക്കി എന്നൊക്കെ നാട്ടു ഭാഷയിൽ പറയും പോലൊരു പെണ്ണ്. മംഗളവാർത്ത മുതൽ സെഹിയോൻ ശാല വരെയുള്ള യാത്രയിലെല്ലാം ഈ വല്ലഭം നമുക്ക് കാണാനാകും. ഇതെങ്ങിനെ സംഭവിക്കുമെന്ന ചോദ്യത്തിൽ ദൂതൻ അസ്വസ്ഥനാകുന്നില്ല. കാരണം ചോദ്യം തർക്കത്തിന്റേതായിരുന്നില്ല, മറിച്ച് ബോധ്യപ്പെട്ട് കീഴ്പ്പെടാൻ വേണ്ടിയുള്ളതായിരുന്നു.

എലിസബത്തിനടുത്തേക്ക് തിടുക്കത്തിൽ പുറപ്പെട്ട മറിയം, മൂന്ന് മാസത്തിന് ശേഷം മടങ്ങി പോരുന്നുണ്ട്. സാന്നിദ്ധ്യം ആവശ്യപ്പെടുന്ന അത്രയും സമയം മാത്രം ലഭ്യമാകുന്നവൾ.

പൂർണ്ണ ഗർഭാവസ്ഥയിലും, പാലായനം ചെയ്യേണ്ടിവരുമ്പോഴും

മനം ഇടറാത്തവൾ മറിയം. കർത്താവിന്റെ നിയമ പ്രകാരം കുഞ്ഞിനെ വളർത്തിയവൾ. ശിമയോനും അന്നായും പ്രവചിച്ചവയും ബാലനായ ഈശോ പറഞ്ഞവയും ഹൃദയത്തിൽ സംഗ്രഹിച്ചവൾ. ഈ അമ്മയെയാണ് ഇന്നത്തെ സുവിശേഷഭാഗത്ത് വീണ്ടും നമ്മൾ കണ്ടുമുട്ടുന്നത്.

### *ആയിരിക്കുന്ന ഇടങ്ങളിലെ കുറവുകൾ നികത്തുന്നവർ*

ഇക്കഴിഞ്ഞ ദിവസം റോസമ്മ ടീച്ചറുടെ ഒരു പ്രഭാഷണം കേൾക്കുകയായിരുന്നു. കാനായിലെ കല്യാണവിരുന്നിൽ മറിയത്തിന്റെ ഇടപെടലിനെ ടീച്ചർ പറഞ്ഞ് വച്ചത് ഇീൃൃശയൗശേിഴ ജലൃ്ീിമഹശ്യേ എന്നായിരുന്നു. ചെന്ന് ചേരുന്ന ഇടങ്ങളിലെ കുറവുകൾ നികത്താൻ എന്നെക്കൊണ്ട് എന്ത് ചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കുന്ന, കുറവുകൾ നികത്താൻ ശ്രമിക്കുന്ന വ്യക്തിത്വം. ഇതിനൊപ്പം, തന്റെ ഉത്തരവാദിത്വം എന്ന് ചിന്തിച്ച് കണ്ടറിഞ്ഞ് നിറവേറ്റിയ ശേഷം, തിരശ്ശീലക്ക് പിന്നിലേക്ക് മറയുന്ന മറിയത്തിന്റെ മിടുക്ക് കൂടി ശ്രദ്ധയിലേക്ക് വന്നു. പരിചാരകർക്ക് നിർദ്ദേശം കൊടുത്ത ശേഷം മറിയം എവിടേയ്ക്കോ പോയി.

ഇീൃൃശയൗശേിഴ ജലൃ്ീിമഹശ്യേ ഉള്ളവരുടെ വലിയൊരു പ്രത്യേകതയും ഇതാണ്. ചെയ്യാനുള്ളത് ചെയ്ത ശേഷം തിരശ്ശീലക്ക് പിന്നിലേക്ക് അവർ മറയും.

കുറവ് നികത്താൻ വീണ്ടും മറിയം ഇറങ്ങിയത് ഈശോയുടെ മരണ ശേഷമാണ്. ജപമാലയിൽ

മഹമയ്ക്കടുത്ത ദിവ്യരഹസ്യങ്ങളിൽ മൂന്നാമതായി നമ്മൾ ചൊല്ലുന്നു, നമ്മുടെ കർത്താവീശോ മിശിഹാ ദൈവത്തിന്റെ വലതുഭാഗത്ത് എഴുന്നള്ളി ഇരിക്കുമ്പോൾ സെഹിയോൻ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന കന്യകാമാതാവിന്റെ മേലും ശ്ലീഹന്മാരുടെ മേലും പരിശുദ്ധാത്മാവിനെ അയച്ചു എന്ന ധ്യാനിക്കുക. അവൻ തടുത്തു കൂട്ടിയ, പല പ്രായക്കാരും ഭിന്ന സ്വഭാവക്കാരുമായവർ ചിതറി തെറിച്ച് പോകാതിരിക്കാനായി - അവന്റെ കുറവ് നികത്താനായി - ഇറങ്ങി തിരിക്കുന്ന അമ്മ. ആ അമ്മയെ അവൻ ഉയർപ്പിക്കും. കുരിശ് ചുമന്നവനെ ചുമന്ന ഗർഭപാത്രത്തിന്റെ ഉടമയാണവൾ . അവൾ മകനെ വളർത്തി പടി

കടത്തിവിട്ടത് മനുഷ്യവിമോചന ഗാഥ ചമയിക്കാനാണ്.എന്നിട്ട് അങ്ങനെ മാറി ഒതുങ്ങി നിന്നു. മകന്റെ കീർത്തിയുടെ വെള്ളി വെളിച്ചത്തിലേക്ക്  കേറി നിൽക്കാതെ പരമാവധി ഉൾവലിഞ്ഞു നിന്നു. ഈ മാറ്റം അത്രയൊന്നും ലഘുവായൊരു ക്രിയയല്ല.അനർഹ മായത് കരഗതമാക്കാൻ മനുഷ്യരിങ്ങനെ തിക്കിനിരങ്ങുന്ന കാലത്ത് ഇത് കണ്ട് പഠിക്കേണ്ട പാഠം. അർഹത ഉണ്ടായിട്ടും ചിലത് വേണ്ടെന്ന് വെയ്ക്കുന്ന നിലപാടുകൾ കാണുമ്പോഴെല്ലാം അമ്മ മറിയത്തെ ഓർമ്മ വരാറുണ്ട്. അവയ്ക്ക് അവളുടെ  അന്തസ്സിനോളം ഗരിമയു ണ്ടല്ലോ ? അവൾ അവസാനത്തോളം അവന്റെ ചാരെ നിന്നു. ഭൂമി തോൽപ്പിക്കും എന്നറിഞ്ഞിട്ടും സ്വർഗ്ഗത്തിന്റെ ഇഷ്ടത്തിനൊപ്പം ചുറ്റുമുള്ളവരെ ചേർത്തവൾ ശക്തയായി നിന്നു.

ഇക്കാരണത്താൽ അമ്മ മറിയം സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടു എന്ന് മനസ്സിലാക്കാൻ ചില അടയാളങ്ങൾ ഇപ്പോഴും ഭൂമിയിൽ അവശേഷിക്കു ന്നുണ്ട് .

സ്വർഗ്ഗത്തിലാണെന്ന് നമ്മൾ വിശ്വസിക്കുന്നവരെല്ലാം തന്നെ, ഈ ഭൂമിയിൽ അവരായിരുന്നപ്പോൾ ചുറ്റുമുള്ള കുറവുകൾ നികത്തിയ വരാണ്. ആയിരുന്ന ചുറ്റുപാടുകളിൽ വെളിച്ചത്തിന്റെ,  സ്നേഹത്തിന്റെ, അന്നത്തിന്റെ, അർത്ഥത്തിന്റെ കുറവ് നികത്തിയ മനുഷ്യരെയാണ് നമ്മൾ വിശുദ്ധർ എന്ന് വിളിക്കുന്നത്. ചണ്ഡീഗഡിൽ സിസ്റ്റേഴ്സിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട് ഉയർന്ന് കേട്ടതും ഇത് തന്നെയാണ് . യാതൊരു ബാധ്യതയുമില്ലാത്ത ഇടങ്ങളിലെ കുറവുകളകറ്റാൻ തീഷ്ണതയോടെ പ്രവർത്തിക്കുന്നവർ.  പാലാരിവട്ടം - വൈറ്റില ഭാഗത്തെ പാവങ്ങൾക്കായി ജീവിച്ച തിയോഫിനച്ചൻ രണ്ട് കിലോമീറ്റർ ദൂരത്ത് സമാധിയിൽ ഇപ്പോഴുമുണ്ട്. ഭൂമിയോട് ചേർക്കാതെ സ്വർഗ്ഗത്തിലേക്ക് അച്ചൻ എടുക്കപ്പെട്ടു എന്ന് വിശ്വസിക്കാനാണ് ഞങ്ങളിഷ്ടപ്പെടുന്നത്.



അതുകൊണ്ട് തന്നെ  ഇനി വരാനുള്ള തലമുറകളുടെയും  നിസ്സഹായതയുടെ നിമിഷങ്ങളിൽ തുണയും തൂണും ആയി നിൽക്കേണ്ടവളെ ഉടലോടെ സ്വർഗ്ഗം കരേറ്റിയെന്ന് പൂർണ്ണമായും  വിശ്വസിക്കുന്നു. ദൈവ പുത്രനെ വല്ലഭത്തോടെ പോറ്റി വളർത്തിയ ആ അമ്മ  നമ്മുടെ കുറവുകളിലും  നിശ്ചയമായും ഇടപെടും

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com